# കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയരുത്.

jthrees@hotmail.com

കല്ലെറിയുക.
ഏറ് കൊള്ളേണ്ടവൻെറ മുൻപിൽ വന്ന് കല്ലെറിയുക. പക്ഷേ, ഏറ് രണ്ട് കാര്യം പരിഗണിച്ചുകൊണ്ടാകണം. എറിയാനുള്ള അർഹത തനിക്കുണ്ടോ എന്ന് രണ്ട് വട്ടം ആലോചിക്കുക. ഏറ് കൊള്ളേണ്ടവനെ തന്നെയാണ് താൻ എറിയുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. ഏറ് തിരിച്ചു വരില്ലെന്നും തീർച്ചയുണ്ടാവണം.

കല്ലെറിയുന്നത് കണ്ണാടിക്കൂട്ടിൽ ഇരുന്നാകരുത്. ഏറ് കൊള്ളുന്നവർ തിരിച്ചെറിഞ്ഞാൽ തൻെറ ശരീരം മാത്രമല്ല കേട് വരിക, താൻ ഇരിക്കുന്ന കണ്ണാടിക്കൂടും പൊടിഞ്ഞു വീഴും.

എന്തെങ്കിലും മുൻവിധിയാലെ പറഞ്ഞതല്ല ഇക്കാര്യം. ആക്ഷേപിക്കുന്നതു കൊള്ളാം, പക്ഷേ, അത് സ്വാർഥമാകരുത്. അത് അപകടം ചെയ്യും.

മറ്റുള്ളവരുടെ ന്യൂനതകൾക്ക് പിന്നാലെ പോകുന്നവർക്ക് ഹൃദയങ്ങളുടെ സ്നേഹം നിഷിദ്ധമായിത്തീരും. മറ്റുള്ളവരുടെ ന്യൂനതകൾ നോക്കി നടക്കുന്ന വർക്കും ഒട്ടും വിട്ടുവീഴ്ചയില്ലാതെ മറ്റുള്ളവരെ ആക്ഷേപിക്കുന്നവർക്കും നന്മയിൽ സഹകരിക്കാൻ സാധിക്കുകയില്ല. സ്വാർഥികളായിരിക്കും അവർ.

നമ്മുടെ നാട്ടിലെ ഭരണ-പ്രതിപക്ഷങ്ങളെ നോക്കുക. ആരോപണങ്ങളും പ്രത്യാരോപണങ്ങളുമല്ലാത്ത മറ്റെന്തെങ്കിലും പരിപാടി അവർക്കുണ്ടോ? നന്മയിൽ സഹകരിച്ചു മുന്നോട്ടു പോകേണ്ട ജനപ്രതിനിധികൾ പരസ്പരം ആരോപണങ്ങൾ ഉന്നയിക്കാനല്ലേ സമയം ചെലവഴിക്കുന്നുള്ളൂ? അതിനിടയിൽ ഭരണം നിശ്ചലമാവുകയും പൊതുജനം കൂടുതൽ പ്രയാസം പേറുകയും ചെയ്യുന്നു. മറ്റുള്ളവരെ ആക്ഷേപിക്കുകയും അവർക്കെതിരെ പൊതുയോഗങ്ങളും പത്രസമ്മേളനവും നടത്തുന്നവർ തന്നെ പിറ്റെ ദിവസം പ്രതിക്കൂട്ടിൽ നില്ക്കേണ്ടിവരുന്ന ഗതികേടാണ് നമുക്ക് കാണേണ്ടിവരുന്നത്. (വിധിവശാൽ അതിലൊന്നും ഒരു മനസ്സാക്ഷിക്കുത്തും ഇല്ലാത്തവരാണ് നമ്മുടെ നേതാക്കളും ഭരണകർത്താക്കളും.)

തൻെറ കാര്യം വിസ്മരിച്ച് ആർക്കെതിരെയും വിധിക്കരുത്. ആരെയും അപഹസിക്കുകയമരുത്. അതിനാലാണ് പാപിയെന്ന് വിധിക്കപ്പെട്ട സ്ത്രീയെ കല്ലെറിയാനായി ജനം മുറവിളികൂട്ടിയപ്പോൾ “എങ്കിൽ നിങ്ങളിൽ പാപം ചെയ്യാത്തവർ ആദ്യം കല്ലെറിയുക”യെന്ന് യേശു ആവശ്യപ്പെട്ടപ്പോൾ പുരുഷാരം സ്തബ്ധരായി നിന്നത്. സ്വന്തം നിലപാട് മോശമായിരിക്കെ മറ്റുള്ളവരെ ആക്ഷേപിക്കുന്നതും മറ്റുള്ളവർക്കെതിരെ സാക്ഷി പറയുന്നതുമൊക്കെ സദാചാരത്തിന് വിരുദ്ധമാണെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു.

ഇന്ന് ആ ബോധവും നഷ്ടപ്പെട്ടിരിക്കുന്നു. അതിനാലാണ് “ഒരു വിഭാഗം മറുവിഭാഗത്തെ അപഹസിക്കരുത്, അപഹസിക്കപ്പെടുന്നവർ അപഹസിക്കുന്നവരെക്കാൾ ഉത്തമരായേക്കാം” എന്ന് ഖുർആൻ സാമൂഹികപെരുമാറ്റത്തിൻെറ ഉത്തമപാഠം ലോകത്തിന് ഓതിത്തന്നത്.

സ്വന്തം കാര്യം പരിഗണിക്കാതെ മറ്റുള്ളവരെ ആക്ഷേപിക്കുന്നതിലൂടെ നഷ്ടപ്പെടുന്നത് ഹൃദയങ്ങളുടെ സ്നേഹവും ജീവിതത്തിൻെറ സ്വസ്ഥതയുമാണെന്ന് നാം തിരിച്ചറിയുക. അത്തരം വിഷയങ്ങളിൽ മാന്യമായ പ്രതികരണമാണ് അഭികാമ്യം. ജനത്തെ ആക്ഷേപിക്കാൻ “ഒരവസരം” കാത്തിരിക്കുന്നവരായി നാ മാററുത്. അവസരം ഉണ്ടാകാതിരിക്കട്ടെ എന്ന് പ്രാർഥിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുക. ബന്ധങ്ങളിൽ പരമാവധി വിട്ടുവീഴ്ചയും സഹകരണവുമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ഘടകങ്ങൾ. ആക്ഷേപങ്ങൾ ബന്ധം മുറിക്കാനാണ് ഉതകുക. ബന്ധം ഉണ്ടാക്കുവാനും അത് ഊഷ്മളമാക്കുവാനുമാണ് ദൈവം കല്പിച്ചത്.